കോഴിക്കോട് ഹയർ സെക്കണ്ടറി മേഖലാ ഓഫീസിന്റെ പ്രവർത്തനം

67(756) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലാ ഓഫീസിൽ ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് തസ്തികതിരിച്ച് വിശദമാക്കുമോ ;

(ബി) മേഖലാ ഓഫീസിന്റെ പ്രവർത്തനം കൃത്യമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ ഉദ്യോഗസ്ഥർ ഉണ്ടോ ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	റീജിയണൽ ഡപ്യൂട്ടി ഡയറക്ടർ	-	1
	അക്കൗണ്ട്സ് ഓഫീസർ	-	1
	ജൂനിയർ സൂപ്രണ്ട്	-	1
	ക്ലാർക്ക്	-	10
	ടൈപ്പിസ്റ്റ്	-	2
	പ്യൂൺ	-	2
	ആകെ		17

(ബി) മേഖലാ ഓഫീസിന്റെ പ്രവർത്തനം കൃത്യമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ ഉദ്യോഗസ്ഥർ ഉണ്ട്.

ഹയർ സെക്കണ്ടറി സ്കൂൾ നിയമനം

68(757) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ബാധിത പ്രദേശമെന്ന പരിഗണനയിൽ കേരളത്തിൽ ഏതൊക്കെ പ്രദേശങ്ങളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക എയ്ഡഡ് ബാച്ചുകൾ അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിലെല്ലാം പുതിയതായി അനുവദിച്ച കോഴ്സുകളിലേക്ക് തസ്തിക നിർണ്ണയവും തുടർന്നുള്ള നിയമന അപ്രൂവൽ നടപടികളും ഉണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പുതിയതായി അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത്തിയവരിൽ എത്ര പേർക്ക് ശമ്പളം നൽകുന്നുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly